പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 83 — 28.05.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | അദാനി ഗ്രൂപ്പ് തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് സംബന്ധിച്ച ലേലനടപടികളിൽ വിജയം കൈവരിച്ചത്, സംസ്ഥാന സർക്കാരിനെ ശത്രുപക്ഷത്താക്കിയാണെന്ന് കരുതുന്നുണ്ടോ; | (എ) | വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന ആവശ്യമാണ് സംസ്ഥാനം മുന്നോട്ട് വച്ചത്. ഇക്കാര്യത്തിൽ കേന്ദ്രം അനുകൂല നിലപാട് സ്വീകരിച്ചില്ല. മാത്രവുമല്ല മുൻകാല പരിചയമെന്ന വ്യവസ്ഥ ഒഴിവാക്കി ടെൻഡർ രേഖകൾ ഭേദഗതി ചെയ്യതിലൂടെ സംസ്ഥാനം രൂപീകരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവളത്തിന്റെ നടത്തിപ്പ് ചുമതല ലഭിക്കാത്ത സ്ഥിതിയുമുണ്ടായി. ഇതിലൂടെ വിമാനത്താവള നടത്തിപ്പിൽ യാതൊരു പരിചയവുമില്ലാത്ത അദാനി ഗ്രൂപ്പിന് ബിഡ് ലഭിക്കുകയുണ്ടായി. |
| (ബി) | ഇപ്രകാരം വിമാനത്താവള നടത്തിപ്പ് അദാനി ഗ്രൂപ്പ് കൈക്കലാക്കിയത് മൂലം സംസ്ഥാനസർക്കാർ ഏതൊക്കെ തരത്തിലുള്ള പ്രതിബന്ധമാണ് അദാനി ഗ്രൂപ്പിന് ഉണ്ടാക്കുന്നത്; | (ബി) യും (സി) യും | വിമാനത്താവള വികസനത്തിനായുള്ള 18 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. ടി ഭൂമിയും, ഭാവിയിൽ ഏറ്റെടുക്കുന്നതും ഉൾപ്പെടെയുള്ള ഭൂമിയുടെ യഥാർത്ഥ വിലയ്ക്ക് തുല്യമായ തുക എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനത്തിന് നൽകേണ്ടതാണ്.<br>വിമാനത്താവള നടത്തിപ്പ് അദാനി ഗ്രൂപ്പിന് നൽകിയതിനെതിരായി സംസ്ഥാന സർക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിമാനത്താവള വികസനത്തിനായി എത്ര ഏക്കർ ഭൂമിയാണ് നിലവിൽ ആവശ്യമായിട്ടുള്ളത്. അദാനി ഗ്രൂപ്പ് വിമാനത്താവള നടത്തിപ്പ് ഏറ്റെടുക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ നിന്നും പുറകോട്ട് പോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഡി) | തിരുവനന്തപുരം വിമാനത്താവള ലേലത്തിൽ സർക്കാർ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഉപദേശം സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി കെ.പി.എം.ജി.യെ ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റായും M/s സിറിൽ അമർ ചന്ദ് മംഗൽ ദാസിനെ ലീഗൽ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ